സംസ്ഥാന ചരക്കു സേവന നികുതി കമ്മീഷണറുടെ കാര്യാലയം
സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ്, തിരുവനന്തപുരം

ഇ-മെയിൽ: cstintadm.sgst@kerala.gov.in ഫോൺ: 0471-2785300

---

## പത്രക്കുറിപ്പ്

### സംസ്ഥാന വ്യാപകമായി പ്രമുഖ മേക്കപ്പ് ആർട്ടിസ്റ്റുകളുടെ സ്ഥാപനങ്ങളിൽ സംസ്ഥാന ജി.എസ്. ടി. ഇന്റലിജൻസ് വിഭാഗം നടത്തിയ പരിശോധനയിൽ കോടികളുടെ നികുതി വെട്ടിപ്പ് കണ്ടെത്തി

സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് ഇന്റലിജൻസ് വിഭാഗം സംസ്ഥാന വ്യാപകമായി 21 പ്രമുഖ മേക്കപ്പ് ആർട്ടിസ്റ്റുകളുടെ 50 സ്ഥാപനങ്ങളിലും വീടുകളിലും "Operation Guapo" എന്ന പേരിൽ നടത്തിയ പരിശോധനയിലാണ് കോടികളുടെ നികുതി വെട്ടിപ്പ് കണ്ടെത്തിയത്.

കഴിഞ്ഞ ഏതാനും മാസമായി ഇവരുടെ നീക്കങ്ങൾ സംസ്ഥാന ജി.എസ്.ടി ഇന്റലിജൻസ് നിരീക്ഷിച്ച് വരികയായിരുന്നു. പ്രമുഖ മേക്കപ്പ് ആർട്ടിസ്റ്റുകളുടെ വീടുകളിലും സ്ഥാപനങ്ങളിലുമായി രാവിലെ 6 മണിയ്ക്ക് തുടങ്ങിയ പരിശോധന ഇപ്പോഴും തുടർന്ന് വരുന്നു. മേക്കപ്പിലൂടെ ലഭിക്കുന്ന നികുതി വിധേയമായ കോടികളുടെ വരുമാനം മറച്ചു വച്ച് നികുതി വെട്ടിപ്പ് നടത്തുന്നതായാണ് ഇന്റലിജൻസ് വിഭാഗം കണ്ടെത്തിയത്.

സംസ്ഥാനത്തുടനീളം ഇന്റലിജൻസ്, എൻഫോഴ്സ്മെന്റ് യൂണിറ്റുകൾ സംയുക്തമായി നടത്തിയപരിശോധനയിൽ പ്രാഥമികമായി കണ്ടെത്തിയത് നികുതിവെട്ടിച്ചുകൊണ്ടുള്ള 32.51 കോടി രൂപയുടെ ഇടപാടാണ്.

ഇത്തരം നികുതി വെട്ടിപ്പിനെതിരെ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിൻറെ അന്വേഷണവും നടപടികളും ശക്തമായി തുടരും.

Sd/-
കമ്മീഷണർ
സ്റ്റേറ്റ് ജി.എസ്.ടി ഡിപ്പാർട്ടുമെൻറ്

06.08.2024